**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 820** **14-01-2021 - ൽ മറുപടിയ്ക്ക്**

**പിന്നാക്കവിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ പി .** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പിന്നാക്കവിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് സ്വദേശത്തും വിദേശത്തും പഠനസഹായത്തിനായി നൽകിവരുന്ന സ്കോളർഷിപ്പിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പ് ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്, ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, ഓവർസീസ് സ്കോളർഷിപ്പ് എന്നീ മൂന്ന് സ്കോളർഷിപ്പ് പദ്ധതികളാണ് നടപ്പിലാക്കുന്നത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ

### 1. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (50% കേന്ദ്ര സഹായം)

സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുടുംബ വാർഷിക വരുമാനം 2,50,000/- രൂപയിൽ അധികരിക്കാത്ത ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികളിൽ ഉയർന്ന മാർക്ക് നേടിയവർക്ക് ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 1,500/- രൂപ വീതം അനുവദിക്കുന്നു.

### 2. ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര സഹായം)

വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ അധികരിക്കാത്ത, വിവിധ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നു. സംസ്ഥാനത്തിനകത്തെ സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഹയർ സെക്കന്ററി കോഴ്സുകൾ, സി.എ, സി.എം.എ, കമ്പനി സെക്രട്ടറിഷിപ്പ് കോഴ്സുകൾക്കും, സംസ്ഥാനത്തിന് പുറത്ത് ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിലെ വിവിധ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്നവർക്കും കേന്ദ്ര മാനദണ്ഡങ്ങൾ അനുസരിച്ച് സ്കോളർഷിപ്പ് അനുവദിക്കുന്നു. സ്കോളർഷിപ്പ് നിരക്ക് ചുവടെ ചേർക്കുന്നു.

| **കോഴ്സ്** | **സ്കോളർഷിപ്പ് നിരക്ക്** |
|---|---|
| ഹയർ സെക്കന്ററി കോഴ്സ് | 160 രൂപ പ്രതിമാസ സ്റ്റൈപ്പന്റ്, നിയമാനുസൃത ഫീസ് എന്നിവ അനുവദിക്കുന്നു. |
| സി.എ. / സി.എം.എ. / സി.എസ്. | സി.എ. (ഇന്റർമീഡിയറ്റ്) - 21,500/- |

| | |
|---|---|
| | സി.എ. (ഫൈനൽ) - 20,500/-<br>സി.എസ്. (ഇന്ററർമീഡിയറ്റ് & ഫൈനൽ) - 21,500/-<br>സി.എം.എ. (ഇന്ററർമീഡിയറ്റ്) - 23,500/-<br>സി.എം.എ. (ഫൈനൽ) - 20,500/- |
| ദേശീയ പ്രാധാന്യമുള്ള സ്ഥാപന ങ്ങളിലെ വിവിധ പോസ്റ്റ്മെട്രിക് കോഴ്സുകൾ | സ്ഥാപനത്തിന്റെ ഫീസ് ഘടനയ്ക്ക് അനുസൃതമായി എല്ലാവിധ Compulsory Non Refundable ഫീസും, നിയമാനുസൃത മെയിന്റനൻസ് അലവൻസും അനുവദി ക്കുന്നു. |

3. **ഓവർസീസ് സ്കോളർഷിപ്പ്**

മെഡിസിൻ, അഗ്രിക്കൾച്ചർ, സയൻസ്, പ്യൂവർ സയൻസ്, മാനേജ്മെന്റ്, എഞ്ചിനീയറിംഗ്, നിയമം, സാമൂഹ്യ ശാസ്ത്രം തുടങ്ങിയ മേഖലകളിൽ മാസ്റ്റർ ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന തെരഞ്ഞെടുത്ത പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കുന്നു. വാർഷിക വരുമാന പരിധി 6 ലക്ഷം രൂപയാണ്. ഇന്ത്യയിൽ നിന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടുത്തുള്ള സ്ഥലങ്ങളിലേയ്ക്കും തിരിച്ചുമുള്ള വിമാന ചാർജ്ജുകൾ, കോഴ്സ് ഫീസ്, മെയിന്റനൻസ് അലവൻസുകൾ, സാമഗ്രികൾ വാങ്ങുവാനുള്ള അലവൻസുകൾ, പോൾ നികുതി, വിസ ഫീസ്, മെഡിക്കൽ ഇൻഷുറൻസ് എന്നീ ഇനങ്ങളിലായാണ് തുക അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ